# St.Mary's H S,Kannamaly

# ACADEMIC MASTER PLAN

## 2025-2026

Scanned with OKEN Scanner

# ഉള്ളടക്കം

1. പ്രാഥമിക വിവരങ്ങൾ
2. അനുഭവം
3. കാഴ്ചപ്പാട്
4. ചരിത്രം
5. വിദ്യാലയപ്രവർത്തനങ്ങൾ
6. പൊതുലക്ഷ്യങ്ങൾ
7. അക്കാദമികമികവിനായുള്ള പ്രവർത്തനങ്ങൾ
8. ഭാഷാശേഷി വികസനം
9. ശാസ്ത്രപഠനം
10. ജൈവവൈവിധ്യം
11. സാമൂഹ്യശാസ്ത്രം
12. ഗണിതപഠനം
13. കായികപഠനം
14. കലാപഠനം
15. ഉപസംഹാരം

Scanned with OKEN Scanner

# പ്രാഥമികവിവരങ്ങൾ

| | |
|---|---|
| സ്കൂൾ സ്ഥാപിച്ച വർഷം | : 1940 |
| ജില്ല | : എറണാകുളം |
| വിദ്യാഭ്യാസ ഉപജില്ല | : മട്ടാഞ്ചേരി |
| മേൽവിലാസം | : കണ്ണമാലി പി ഒ<br>കൊച്ചി - 682008<br>ഫോൺ : 04842247930 |
| ക്ലാസ് | : 5 മുതൽ 10 വരെ |
| ബ്ലോക്ക് | : പള്ളുരുത്തി |
| പഞ്ചായത്ത് | : ചെല്ലാനം |
| ഇമെയിൽ അഡ്രസ്സ് | : stmaryshskannamaly@gmail.com |

Scanned with OKEN Scanner

# ആമുഖം

കേരളത്തിന്റെ സമഗ്രമായ വളർച്ചയ്ക്കും പുരോഗതിക്കുമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം, ഓരോ ക്ലാസ്സിലും കുട്ടികൾ നേടേണ്ട അറിവും കഴിവും അതത് ക്ലാസ്സിൽ വച്ചു തന്നെ നേടി എന്നുറപ്പ് വരുത്തുക എന്നതാണ് ലക്ഷ്യം. അക്കാദമിക മികവായിരിക്കണം വിദ്യാലയത്തിന്റെ മികവ് എന്ന അടിസ്ഥാന ആശയമാണ് വിദ്യാലയ വികസന പദ്ധതികളുടെ മുഖമുദ്ര. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവും സാമൂഹികവുമായ മേഖലകളിൽ ബഹുജന പങ്കാളിത്തം കൂടി ഉൾപ്പെടുത്തിയുള്ള സമഗ്രമായ വികസന പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുന്ന, പൂർണ്ണമായ അക്കാദമിക മികവിലേക്ക് വിദ്യാലയത്തെ നയിക്കുന്ന സമഗ്രമായ മാർഗരേഖ എന്ന നിലയിലാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

# കാഴ്ചപ്പാട്

അടിസ്ഥാന ശേഷി വികാസത്തിലൂടെ സ്വയം പര്യാപ്തതയിലേക്കും ജീവിത വിജയത്തിലേക്കും നയിക്കുന്ന ആരോഗ്യപൂർണ്ണമായ അന്തരീക്ഷത്തിലൂടെ മെച്ചപ്പെട്ട പഠനം.

Scanned with OKEN Scanner

# ചരിത്രം

സാമൂഹികമായും സാംസ്കാരികമായും വളരെയധികം പിന്നോക്കം നിന്നിരുന്ന കണ്ണമാലി എന്ന തീരപ്രദേശത്തിന്റെ ഉന്നമനത്തിനായി 1940ൽ ആണ് അന്നത്തെ കണ്ണമാലിയിലെ ഒരു പൗരപ്രമുഖനായിരുന്ന ശ്രീ. ബി.എം. പീറ്റർ സെന്റ്മേരീസ് എന്ന നാമധേയത്തിൽ ഒരു അപ്പർ പ്രൈമറി സ്കൂൾ സ്ഥാപിക്കുന്നത്. ലളിതമായ തുടക്കമായിരുന്നു ഈ സ്കൂളിന്റേത്. ഓലമേഞ്ഞ കെട്ടിടത്തിലാണ് ആദ്യകാലങ്ങളിൽ ക്ലാസ് നടന്നിരുന്നത്. അന്നത്തെ വിദ്യാഭ്യാസസമ്പ്രദായമനുസരിച്ച് നാലാംക്ലാസ് ആയിരുന്നു യു.പിയുടെ പ്രവേശനക്ലാസ്. സെന്റ്. മേരീസ് സ്കൂളിലെ ആദ്യത്തെ പ്രധാനാധ്യാപകൻ ശ്രീ. വാകപ്പാടത്ത് ജോർജ്ജ് ആയിരുന്നു. 1965ൽ ആണ് ആദ്യത്തെ പത്താംക്ലാസ് ബാച്ച് പുറത്തിറങ്ങിയത്. 2018–19 കാലഘട്ടത്തിലാണ് ഈ സ്കൂളിൽ ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ തുടങ്ങുന്നത്. വിദ്യാഭ്യാസപരവും സാംസ്കാരികവുമായി ഈ സ്കൂൾ നൽകിയതും നൽകിക്കൊണ്ടിരിക്കുന്നതുമായ സംഭാവനകൾ നിസ്തുലമാണ്.

# വിദ്യാലയപ്രവർത്തനങ്ങൾ

കുട്ടികളുടെ സമഗ്രമായ വികസനത്തിന് ഉതകുന്ന തരത്തിൽ വൈവിദ്ധ്യമാർന്ന അക്കാദമികപ്രവർത്തനങ്ങൾ വിദ്യാലയത്തിൽ നടന്നുവരുന്നു. പഠനത്തോടൊപ്പം വിവിധങ്ങളായ അനുബന്ധ പ്രവർത്തനങ്ങൾക്കും അവസരമൊരുക്കുന്നുണ്ട്. സെന്റ്തെരേസ് ഹൈസ്കൂൾ കണ്ണമാലിയിൽ നിലവിൽ 5മുതൽ 10വരെ ക്ലാസുകളാണ് പ്രവർത്തിക്കുന്നത്. ഇതിൽ 8-ാം ക്ലാസ് ഒഴികെ മറ്റെല്ലാ ക്ലാസുകളും ഓരോ ഡിവിഷനും 8-ാം ക്ലാസ് രണ്ട് ഡിവിഷനുമാണ് ഉള്ളത്. പ്രധാനധ്യാപിക ഉൾപ്പെടെ 9 അധ്യാപകരും 4 അനധ്യാപകരും അടക്കം 13 പേർ ഈ സ്കൂളിൽ സേവനമനുഷ്ഠിക്കുന്നു.

## ക്ലബുകൾ

വിദ്യാർത്ഥികളുടെ കഴിവുകൾ കണ്ടെത്താനും പ്രോത്സാഹിപ്പിക്കുവാനുമായി വിവിധ ക്ലബുകൾ നമ്മുടെ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നുണ്ട്. കലോത്സവങ്ങളിലും സാഹിത്യോത്സവമത്സരങ്ങളിലും ശാസ്ത്രഗണിതശാസ്ത്ര സാമൂഹ്യശാസ്ത്ര മേളകളിലുമെല്ലാം നമ്മുടെ വിദ്യാലയത്തിന്റെ സാന്നിധ്യം ഈ ക്ലബുകളുടെ പ്രവർത്തനഫലമായിട്ടാണ്.

- സയൻസ് ക്ലബ്
- പരിസ്ഥിതി ക്ലബ്
- ജൂനിയർ റെഡ്ക്രോസ്സ്
- ഗണിതശാസ്ത്രക്ലബ്
- വിദ്യാരംഗം
- ഹിന്ദി ക്ലബ്
- ലഹരിവിരുദ്ധക്ലബ്

# പൊതുലക്ഷ്യങ്ങൾ

1. കുട്ടികളുടെ കഴിവുകൾ കേവല പഠനവിഷയങ്ങളിൽ ഒതുങ്ങാതെ സർഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്ര വികസനം ലക്ഷ്യമാക്കുക
2. സ്കൂളിലെത്തിച്ചേരുന്ന മുഴുവൻ കുട്ടികൾക്കും അതത് ക്ലാസിൽ ആർജ്ജിക്കേണ്ട നിർദ്ദിഷ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക
3. കുട്ടികളിൽ മതനിരപേക്ഷത, ജനാധിപത്യബോധം, സഹകരണമനോഭാവം, ശുചിത്വബോധം, പാരിസ്ഥിതികബോധം, ഭരണഘടനാപരമായ മൂല്യബോധം, ലിംഗസമത്വം, മാനവികമൂല്യങ്ങൾ എന്നിവ ഉണർത്തുകയും വളർത്തുകയും ചെയ്യുക
4. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള പഠനം ഉറപ്പുവരുത്തുക
5. ഭിന്നശേഷിയുള്ള കുട്ടികളെക്കൂടി പഠനത്തിൽ പങ്കാളിയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
6. കുട്ടികളുടെ മൂല്യബോധം വികസിക്കാനുള്ള പ്രവർത്തനപദ്ധതികൾ കൂടി ഉൾച്ചേർക്കുക

Scanned with OKEN Scanner

# അക്കാദമിക പ്രവർത്തന രേഖ

| ലക്ഷ്യം | ലക്ഷ്യമിടുന്നവർ (ടീം/വിഭാഗം) | പ്രവർത്തനരേഖ | കാലയളവ് | ചുമതല | [illegible] |
|---|---|---|---|---|---|
| പാഠ്യത്തിലെ വായിപ്പിക്കൽ | 5 മുതൽ 10 വരെ ക്ലാസുകളിലെ കുട്ടികൾ | → പാഠത്തിലെ പാഠഭാഗങ്ങൾ<br>→ ഉപാഖ്യാനങ്ങൾ / നാടകീയ രംഗങ്ങളെ വായിപ്പിക്കൽ<br>→ പദാർത്ഥം കാരണം കണ്ടെത്തൽ | ജൂൺ - മാർച്ച് | പ്രധാനാധ്യാപിക ക്ലാസ് ടീച്ചർമാർ | |
| സ്കൂൾ പ്രവർത്തനങ്ങൾ [illegible] | | → വിദ്യാലയ വികസന സമിതി<br>→ സ്കൂൾ സപ്പോർട്ടിങ് ഗ്രൂപ്പ് (ഗ്രന്ഥശാലകൾ, ക്ലബുകൾ മുതലായവ)<br>→ പൂർവ്വാധ്യാപകർ, മുൻ പി.ടി.എ. | മെയ് - ജൂൺ | പ്രധാനാധ്യാപിക | |
| വിദ്യാലയ പ്രവർത്തനങ്ങൾ കൃത്യമായി [illegible] | | → ജൂൺ മുതൽ മാർച്ച് വരെയുള്ള ദിനാചരണങ്ങളുടെ കലണ്ടർ തയ്യാറാക്കുന്നു.<br>→ പൊതുവായും വിഷയാധിഷ്ഠിതവുമായും ദിനങ്ങളെ തരം തിരിക്കുന്നു<br>→ എല്ലാ വർഷവും ജനുവരി മാസത്തിൽ സ്കൂൾ വാർഷികം സംഘടിപ്പിക്കണം. | ജൂൺ - മാർച്ച് | അധ്യാപകർ | അധ്യാപകർ |
| കുട്ടികളുടെ കലാകായിക നൈപുണ്യം. സ്കൂളിലെ [illegible] | | → കുട്ടികളുടെ കലാകായിക പ്രദർശനം.<br>→ സ്കൂൾ യുവജനോത്സവം സംഘടിപ്പിക്കൽ<br>→ സ്കൂളിൽ നടത്തുന്ന എല്ലാ പ്രവർത്തനങ്ങളുടേയും ഫോട്ടോയും എടുത്തുവച്ചുകൊണ്ട് ഒരു വീഡിയോ (റീൽ) തയ്യാറാക്കി വാർഷികത്തോടനുബന്ധിച്ച് പ്രദർശിപ്പിക്കണം. | ജനുവരി. | അധ്യാപകർ | അധ്യാപകർ |

Scanned with OKEN Scanner

# ഗൈഡൻസ്, കൗൺസലിംഗ്

| ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് (ക്ലാസ്) | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| വിദ്യാലയത്തിലെ എല്ലാ കുട്ടികളും അനുഭവിക്കുന്ന വിഷമങ്ങളും മാനസിക സംഘർഷങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ ചിന്തയും മാർഗനിർദേശങ്ങളും നൽകൽ | കൗമാരക്കാരായ പെൺകുട്ടികൾ | → വിദ്യാർഥികൾക്ക് മോട്ടിവേഷൻ ക്ലാസ്സുകൾ നൽകൽ<br>→ രക്ഷിതാക്കൾക്ക് ക്ലാസ്സുകൾ നൽകൽ<br>→ കൗമാരക്കാരുടെ പ്രശ്നങ്ങളെ അടിസ്ഥാനമാക്കി വിദഗ്ധരുടെ ക്ലാസ് സംഘടിപ്പിക്കൽ<br>→ ഗൃഹ സന്ദർശന പരിപാടി സംഘടിപ്പിക്കൽ | ജൂൺ-മാർച്ച് | കൗൺസിലർ, പ്രധാനാധ്യാപിക, അധ്യാപകർ | 2000. |

## ക്ലബ് പ്രവർത്തനങ്ങൾ

| ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് (ക്ലാസ്) | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| കുട്ടികളുടെ അഭിരുചിക്കിണങ്ങുന്നതും പ്രാദേശികവുമായി ബന്ധമുള്ളതുമായ ക്ലബുകൾ സംഘടിപ്പിക്കൽ | ക്ലബ് അംഗങ്ങൾ | → സ്കൂളിലെ വിവിധ ക്ലബുകളുടെ നേതൃത്വത്തിൽ പരിപാടികൾ സംഘടിപ്പിക്കൽ<br>→ പ്രാദേശിക പരിഗണന കണ്ടെത്തി ക്ലബ് പ്രവർത്തനങ്ങൾ രൂപീകരിക്കൽ<br>→ പ്രബന്ധരചന, സെമിനാർ, ശുചീകരണം, ജൈവവൈവിധ്യ പാർക്ക് നിർമാണം, പ്ലാസ്റ്റിക് മാലിന്യമുക്ത പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ | ജൂൺ-മാർച്ച് | ക്ലബ് കൺവീനർമാർ, പ്രധാനാധ്യാപിക | |

Scanned with OKEN Scanner

# ഭാഷാശേഷി വികസനം.

| No | ലക്ഷ്യം | ടാർജെറ്റ് ക്ലാസ്സ്/വിഷയം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | 5, 6, 7, 8, 9, 10 ക്ലാസ്സുകളിലെ കുട്ടികൾക്ക് ഭാഷാശേഷികളുടെ നിലവിലുള്ള അവസ്ഥ തിരിച്ചറിയുക. | ഓരോ ക്ലാസിലെയും കുട്ടികൾ | എല്ലാ കുട്ടികൾക്കും പ്രീടെസ്റ്റ് നടത്തി നില നിർണ്ണയിക്കൽ. | ജൂൺ | ഭാഷാധ്യാപകർ | 500. |
| 2 | അക്ഷരമുറപ്പിക്കൽ (മലയാളം, ഇംഗ്ലീഷ്, ഹിന്ദി) | അക്ഷരമുറക്കാത്ത കുട്ടികൾ | > കുട്ടികളെ കണ്ടെത്തൽ<br>> ആവശ്യമായ ടൈംടേബിൾ തയ്യാറാക്കൽ<br>> രക്ഷിതാക്കൾക്ക് ബോധവത്കരണം. | ജൂൺ - മാർച്ച്. | | |
| 3. | പാഠ്യപദ്ധതി നിർദ്ദേശിച്ചിരിക്കുന്ന എല്ലാ കുട്ടികളുടെയും എല്ലാ ശേഷികളും പ്രതീക്ഷിത നിലവാരത്തിലേക്ക് ഉയർത്തുക | മുഴുവൻ കുട്ടികളും | > പ്രാദേശിക പാഠങ്ങൾ രൂപപ്പെടുത്തൽ<br>> കഥ, കവിത, നാടക ശില്പശാലകൾ സംഘടിപ്പിക്കൽ. | | | 500 |

Scanned with OKEN Scanner

| | ലക്ഷ്യം | ടാർജറ്റ് ക്ലാസ്സ്/വിഷയം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 4 | സർഗാത്മക പ്രവർത്തനങ്ങൾക്ക് വേണ്ടത്ര പ്രോത്സാഹനവും നൽകുക. | ഭാഷാക്ലബ്ബുകൾ<br>വിദ്യാരംഗം | > വായന പ്രവർത്തനങ്ങൾക്ക് അവസരമൊരുക്കൽ.<br>> കുട്ടികളുടെ പ്രസിദ്ധീകരണങ്ങൾ കൈയെഴുത്ത് മാസിക, ചുമർ മാസിക എന്നിവ തയ്യാറാക്കൽ | ജൂൺ മാർച്ച് | ഭാഷാ അധ്യാപകർ | |
| 5 | ഭാഷാശേഷി വികസിപ്പിക്കുക. | പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾ | > അവധിക്കാലത്ത് പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അടിസ്ഥാനശേഷി കൈവരിക്കാൻ ആവശ്യമായ ക്ലാസുകൾ സംഘടിപ്പിക്കൽ | ഏപ്രിൽ മെയ് | | |
| 6 | വിദ്യാർത്ഥികളുടെ വായനാപരിപോഷണം. | 5, 6, 7<br>8, 9, 10 ക്ലാസുകളിലെ എല്ലാകുട്ടികളും | ലൈബ്രറി ഉപയോഗപ്പെടുത്തി വായനയെ പരിപോഷിപ്പിക്കുക. | | | |

| | | | | | |
|---|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷാശേഷി [illegible] | ഓരോ ക്ലാസിലെയും മുഴുവൻ കുട്ടികളും | ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ<br>→ പദകേളി<br>→ വാക്യ കേളി<br>→ വൊക്കാബുലറി വർക്ക്<br>→ റോൾ പ്ലേ<br>→ ചിത്രങ്ങൾ ഉപയോഗിച്ച് കഥ പറയൽ<br>→ കഥാപൂരണം | ജൂൺ-മാർച്ച് | പ്രധാന അദ്ധ്യാപിക, ഇംഗ്ലീഷ് അദ്ധ്യാപകർ | |
| | ഓരോ ക്ലാസിലെയും മുഴുവൻ കുട്ടികളും | വായനാമൂല സജ്ജീകരിക്കൽ | | | |
| | | → ഇംഗ്ലീഷ് വായനാശീലം വളർത്തൽ<br>→ കഥാപുസ്തകങ്ങൾ, ബാലസാഹിത്യ കൃതികൾ, മാസികകൾ എന്നിവ കുട്ടികൾക്ക് ലഭ്യമാക്കൽ | | | |
| | ഇംഗ്ലീഷ് ക്ലബ് അംഗങ്ങൾ | ഇംഗ്ലീഷ് ക്ലബിന്റെ പ്രവർത്തനം മെച്ചപ്പെടുത്തൽ<br>→ നാടകം, പ്രസംഗം, പദ്യം ചൊല്ലൽ എന്നിവ സംഘടിപ്പിക്കൽ | ജൂൺ-മാർച്ച് | പ്രധാന അദ്ധ്യാപിക, ക്ലബ് കൺവീനർ | |
| | 8, 9, 10 ക്ലാസ്സുകളിലെ മുഴുവൻ കുട്ടികളും | → ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കൽ<br>→ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ഓഡിയോ/വീഡിയോ ക്ലിപ്പുകൾ ICT യുടെ help-ഓടു കൂടി പ്രദർശിപ്പിക്കൽ | | പ്രധാന അദ്ധ്യാപിക, ഇംഗ്ലീഷ് അദ്ധ്യാപകർ | |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| ഹിന്ദി ഭാഷാ ശേഷി വികാസവും ...ഭാഷണാവ... ...ഭാഷണവും | ഓരോ ക്ലാസിലെയും മുഴുവൻ കുട്ടികളും | പാഠഭാഗവുമായി ബന്ധപ്പെട്ട C.D കൾ കുട്ടികളെ കാണിക്കാനുള്ള സൗകര്യം ഒരുക്കുക. | | | |
| | 5, 6, 7, 8, 9, 10 ക്ലാസിലെയും എല്ലാ കുട്ടികളും | ഹിന്ദി പത്രങ്ങൾ, ഭാഷയിലുള്ള ബാല മാസികകൾ എന്നിവ ക്ലാസുകളിൽ ലഭ്യമാക്കുക. | | | |
| | 5, 6, 7, 8, 9, 10 ക്ലാസിലെയും എല്ലാ കുട്ടികളും | ഹിന്ദി അസംബ്ലി സംഘടിപ്പിക്കുക. | | | |
| | ഓരോ ക്ലാസിലെയും മുഴുവൻ കുട്ടികളും | ഹിന്ദി കേൾക്കാനും സംസാരിക്കാനും സാഹചര്യം ഒരുക്കുക. | | | |
| | 5, 6, 7, 8, 9, 10 ക്ലാസിലെയും എല്ലാ കുട്ടികളും | skit അവതരണം<br>കൈയെഴുത്ത് മത്സരം | | | |
| | ഹിന്ദി ക്ലബ്ബ് അംഗങ്ങൾ | പ്രവർത്തനം മെച്ചപ്പെടുത്തുക. ഹിന്ദി ദിനാചരണവുമായി ബന്ധപ്പെട്ട് കൂടുതൽ പരിപാടികൾ സംഘടിപ്പിക്കുക. | | | |
| | ഓരോ ക്ലാസിലെയും മുഴുവൻ കുട്ടികളും | കുട്ടികളുടെ ഹിന്ദി മാഗസിൻ തയ്യാറാക്കുക. | | | |

Scanned with OKEN Scanner

# ശാസ്ത്ര പഠനം

| No | ലക്ഷ്യം | ടാർഗെറ്റ് (ക്ലാസ്/വിഷയ) | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | ഹൈസ്കൂളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദേശിച്ച ആശയങ്ങളും ശേഷികളും നേടുന്നതിന് | | → പ്രീടെസ്റ്റിലൂടെ കുട്ടികളുടെ പഠനനിലവാരം നടത്തുന്നു. | ജൂൺ | ക്ലാസ് ടീച്ചർ | |
| | | | → താഴ്ന്ന അടിസ്ഥാന ആശയങ്ങളുമായി എത്തുന്ന കുട്ടികൾക്ക് അവ കൈവരിക്കാനുള്ള അവസരം ഉറപ്പാക്കുന്നു. | സെപ്റ്റംബർ ഡിസംബർ | വിഷയസമിതി. | 500 |
| | | | → കുട്ടികളുടെ പഠനഗ്രൂപ്പ് ഉണ്ടാക്കുന്നു. പിന്നോക്കമുള്ള കുട്ടികളെ പഠനഗ്രൂപ്പിന്റെ സഹായത്താൽ മുന്നോട്ട് കൊണ്ടുവരുന്നു. | വർഷാരംഭം | വിഷയസമിതി | |
| | | | → നിരന്തര മൂല്യനിർണയം നടത്തൽ | ജൂൺ-മാർച്ച് | വിഷയസമിതി | |
| | | | → വിഷയസമിതിയുടെ കൃത്യമായ യോഗം ചേരൽ | പ്രതിമാസം | | |
| | | | → പാഠഭാഗങ്ങളിൽ കുട്ടികൾ ചെയ്യുന്ന പ്രവർത്തനങ്ങളുടെ പ്രദർശനം നടത്തൽ | ഫെബ്രുവരി | വിഷയസമിതി | |
| 2 | കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക | ഹൈസ്കൂളിലെ കുട്ടികളും. | → ആവശ്യമായ സയൻസ് സാമഗ്രികൾ ഒരുക്കുക (ഉപകരണങ്ങൾ, റിസോഴ്സ് സിഡികൾ ...) | | ചുമതലയുള്ള അധ്യാപകർ. | 2000 |
| | | | → അസംബ്ലിയിൽ ഒരു ലഘുപരീക്ഷണം / ശാസ്ത്രജ്ഞരുടെ കണ്ടുപിടിത്തങ്ങളും സംഭാവനകളും പങ്കുവയ്ക്കൽ | | | |

| | | | | | |
|---|---|---|---|---|---|
| | കഴിവ് തെളിച്ച കുട്ടികൾ | അന്വേഷണാത്മക പ്രോജക്ടുകൾക്ക് നേതൃത്വം നൽകുക | | | |
| | തിരഞ്ഞെടുത്ത കുട്ടികൾ 5, 6, 7 8, 9, 10 ക്ലാസ്സ് | ക്വിസ് മത്സരങ്ങൾ | പ്രതിമാസം ഒന്ന് | വിഷയസമിതി | |
| | കളിലെ എല്ലാ കുട്ടികളും | സ്കൂൾതല ശാസ്ത്രപ്രദർശനം സംഘടിപ്പിക്കൽ | നവംബർ | PTA | |
| | എല്ലാ ക്ലാസിലെ കുട്ടികളും. | ശാസ്ത്ര ദിനങ്ങൾ ആചരിക്കൽ | | വിഷയ സമിതി | |
| | ഓരോ ക്ലാസിലും. (UP) | എല്ലാ ക്ലാസ്മുറിയിലും ശാസ്ത്രജ്ഞന്മാരുടെ ചിത്രങ്ങൾ പ്രദർശിപ്പിക്കൽ | | വിഷയ സമിതി | |
| കുട്ടികൾക്ക് സ്വയം പ്രശ്നപരിഹാരത്തിന്റെ ഭാഗമായി പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനും നിഗമനങ്ങൾ രൂപീകരിക്കുന്നതിനുമുള്ള ശേഷി നേടൽ | വിദ്യാലയത്തിലെ എല്ലാ കുട്ടികളും. | ലാബ് സജ്ജീകരണം. ലാബിൽ ആവശ്യമായ ഉപകരണങ്ങളും കെമിക്കൽസും വാങ്ങിക്കുക. | June | PTA വിഷയസമിതി. | 1000. |
| | | കുട്ടികൾ നിർമ്മിക്കുന്ന മാതൃകകളും ഉപകരണങ്ങളും ഉപയോഗപ്പെടുത്തി ലാബ് വിപുലീകരിക്കൽ | January - March | വിഷയസമിതി. | |

# ജൈവവൈവിധ്യ പാർക്ക്



| ക്രമ നം | ലക്ഷ്യം | ടാർഗറ്റ് ഗ്രൂപ്പ് (ക്ലാസ്സ്/വിഭാഗം) | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | ഔഷധസസ്യോദ്യാനവും ജൈവവൈവിധ്യപാർക്കും - കുട്ടികളിൽ കാർഷിക സംസ്കാരവും പരിസ്ഥിതി സംരക്ഷണബോധവും വളർത്തുന്നതിന് | വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷിതാക്കൾ, നാട്ടുകാർ | 10 cent സ്ഥലത്ത് പാർക്ക് ഒരുക്കൽ<br>* ഔഷധസസ്യ കിറ്റ്<br>* പൂച്ചെടികൾ, ഇലച്ചെടികൾ<br>* മരങ്ങൾ<br>* വട്ടം - ചെക്കിപ്പാടി, കടലാസ്ചെടികൾ<br>* പാർക്ക് നിർമ്മാണത്തിനാവശ്യമായ പൂന്തോട്ടം, കല്ല്, മണൽ മുതലായവ<br>* മരങ്ങൾക്കും, ചെടികൾക്കും നെയിം ബോർഡ്<br>* ചെടിച്ചട്ടികൾ<br>* കിളിക്കൂട് നിർമ്മിക്കൽ | 2 years | PTA, MPTA നേച്ചർ ക്ലബ് | 5000 |
| 2. | കുട്ടികൾ കാർഷിക വൃത്തിയിൽ പ്രോത്സാഹിപ്പിക്കുന്നതിന് | കാർഷിക ക്ലബ് അംഗങ്ങൾ | പച്ചക്കറിക്കൃഷി<br>* ജൈവരീതിയിൽ പച്ചക്കറിക്കൃഷി നടത്തുന്നതിനുള്ള നിലമൊരുക്കൽ | June to march | PTA പരിസ്ഥിതി ക്ലബ് അംഗങ്ങൾ | 500 |

Scanned with OKEN Scanner

| | | | | | | |
|---|---|---|---|---|---|---|
| | | | * ആരോഗ്യദായകമായവ, വിഷം, വളം, ജൈവകീടനാശിനി, ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കൽ<br>* കൃഷിരീതികളെ സംബന്ധിച്ച ക്ലാസുകൾ | | | |
| | | | ഭക്ഷണം - ശുചിത്വം - ആരോഗ്യം | | | |
| 1. | കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുന്നതിന്; ഭക്ഷണ ആരോഗ്യശീലങ്ങളിൽ മാറ്റം വരുത്തുന്നതിന് | മുഴുവൻ കുട്ടികളും | * പ്രഭാത ഭക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികളെ ബോധവത്കരണം നടത്തൽ.<br>* പ്രഭാത ഭക്ഷണം കഴിക്കാത്ത കുട്ടികളെ കണ്ടെത്തൽ<br>* ഉച്ചഭക്ഷണ പരിപാടി പോഷകസമൃദ്ധമാക്കൽ<br>* വാട്ടർ പ്യൂരിഫയറുകൾ സ്ഥാപിക്കൽ<br>* കുടിവെള്ളം ലഭ്യമാക്കൽ<br>* ഫാസ്റ്റ് ഫുഡ് - ഭക്ഷണരീതികളും ആരോഗ്യപ്രശ്നങ്ങളും - ബോധവത്കരണ ക്ലാസ്സ് സംഘടിപ്പിക്കൽ<br>* ഇൻസിനറേറ്റർ സ്ഥാപിക്കൽ | June to March | PTA<br>MPTA<br>Health club | 1000 |



Scanned with OKEN Scanner

| | | | | | | |
|---|---|---|---|---|---|---|
| | | | * ആരോഗ്യദായകമായ ഭക്ഷണം, വിത്ത്, വളം, ജൈവകീടനാശിനി, ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കൽ<br>* കൃഷിയറിവുകൾ പങ്കുവെക്കുന്ന ക്ലാസ്സുകൾ | | | |
| | | | ഭക്ഷണം - ശുചിത്വം - ആരോഗ്യം | | | |
| 1. | കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുന്നതിന്, ഭക്ഷണ ആരോഗ്യത്തിൽ ശ്രദ്ധ ചെലുത്തുന്നതിന് | മുഴുവൻ കുട്ടികളും | * പോഷക ഭക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികൾക്ക് ബോധവൽക്കരണം നടത്തൽ.<br>* പോഷക ഭക്ഷണം കഴിക്കാത്ത കുട്ടികളെ കണ്ടെത്തൽ<br>* ഉച്ചഭക്ഷണ പരിപാടി പോഷകസമൃദ്ധമാക്കൽ<br>* വാട്ടർ പ്യൂരിഫയർ ക്ലാസുകളിൽ സ്ഥാപിക്കൽ<br>* കുടിവെള്ളം ലഭ്യമാക്കൽ<br>* വ്യക്തി-വസ്ത്ര-ഭക്ഷണശുചിത്വം ആരോഗ്യ പരിപാലനം - ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കൽ<br>* ഇൻസിനറേറ്റർ സ്ഥാപിക്കൽ | June to March | PTA<br>MPTA<br>Health club | 1000 |

സാമൂഹ്യശാസ്ത്രം



| ലക്ഷ്യം | ടാർഗറ്റ് ഗ്രൂപ്പ് (ക്ലാസ്/വിഭാഗം) | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ഒന്ന് 10 വരെ ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാന ശേഷി ജ്ഞാനം ധാരണകളും നേടുന്നതിന് | എല്ലാ ക്ലാസ്സിലെയും കുട്ടികൾ | സാമൂഹ്യശാസ്ത്ര ബോധനത്തിൽ ആധുനിക സാങ്കേതിക വിദ്യകൾ പരമാവധി പ്രയോജനപ്പെടുത്തി ദൃശ്യാനുഭവം കുട്ടികൾക്ക് നൽകൽ | June to March | | |
| | | സ്വാതന്ത്ര്യസമര ചരിത്രത്തിലെ പ്രധാന രാഷ്ട്രീയ, സാമൂഹിക വ്യക്തിത്വങ്ങളുടെ പട്ടിക തയ്യാറാക്കി ഫോട്ടോ, ലഘുവിവരണവും ഉൾപ്പെടുന്ന ഡോക്യുമെന്റ് തയ്യാറാക്കി സൂക്ഷിക്കൽ | June to December | Subject Council | |
| | | ഇന്ത്യയിലെ ഭൂമിശാസ്ത്രം, കാലാവസ്ഥ, ഭക്ഷണം, ഭാഷ, സംസ്കാര വൈവിധ്യങ്ങളുടെ ഡോക്യുമെന്റ് തയ്യാറാക്കി ഭാവി വിദ്യാർത്ഥികൾക്കായി സൂക്ഷിക്കൽ | June to November | | |
| | | സാമൂഹ്യശാസ്ത്ര ലാബ് ക്രമീകരിക്കൽ പ്രാഥമികമായി ആവശ്യമായ സജ്ജീകരണങ്ങൾ / | 1 year | | |

# ഗണിതപഠനം.



ഗണിതപഠനത്തിലൂടെ പ്രശ്നങ്ങൾ കണ്ടെത്താനും നിർധാരണം ചെയ്യാനും കഴിയണം. ക്ലാസ്സിലെ ഓരോ കുട്ടിക്കും ഗണിതം, നന്നായി പഠിക്കുവാൻ കഴിയുന്ന അന്തരീക്ഷം ഉണ്ടാകണം. ഇതിന് സഹായകമായ പദ്ധതികളും പ്രവർത്തനങ്ങളുമാണ് ചെയ്യേണ്ടത്.

| ലക്ഷ്യം | ക്ലാസ്/ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | മാസം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 5 മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികളുടെ അടിസ്ഥാന ശേഷികളുടെ നിലവിലുള്ള അവസ്ഥ തിരിച്ചറിഞ്ഞ് മെച്ചപ്പെടുത്തുക. | ഓരോ ക്ലാസ്സിലെയും കുട്ടികൾ | ചതുഷ്ക്രിയകൾ, ഗുണനപട്ടിക.... എന്നിവയുടെ ചോദ്യാവലി തയ്യാറാക്കി ടെസ്റ്റ് നടത്തി പിന്നോക്കാവസ്ഥയിലുള്ളവർക്ക് പിന്തുണ നൽകുക. | June | Subject council | [illegible] |
| ഗണിതപഠനം രസകരമാക്കൽ | പിന്നോക്കം നിൽക്കുന്ന കുട്ടികൾ | ഗണിത പസിൽ, ഗണിതപാട്ടുകൾ, ഗണിതശാസ്ത്രജ്ഞന്മാരെ കുറിച്ചുള്ള വിവരശേഖരണം. | June to March | Maths club | 100 |
| നേതൃത്വാത്മക പ്രവർത്തനങ്ങളിൽ താൽപ്പര്യമുണ്ടാക്കുക | ഗണിത ക്ലബ് അംഗങ്ങൾ | ക്ലബ് പ്രവർത്തനത്തിനുള്ള വാർഷിക കലണ്ടർ തയ്യാറാക്കുക, അവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കണ്ടെത്തുക, ഗണിതമേളയ്ക്ക് തയ്യാറാക്കൽ. | June to March | Maths club | 200 |

Scanned with OKEN Scanner

# കായികപഠനം

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | [illegible] |
|---|---|---|---|---|---|---|
| 1 | കായികപഠനത്തിൽ പ്രത്യേക താൽപര്യമുള്ള കുട്ടികളെ കണ്ടെത്തി അവസരങ്ങൾ നൽകുക | ഓരോ ഡിവിഷനിലെയും കുട്ടികൾ | • കായികപഠനത്തിന് താൽപര്യമുള്ള കുട്ടികളെ കണ്ടെത്തലും ഇനം നിശ്ചയിക്കലും<br>• നിശ്ചിതവേളയിൽ കുട്ടികളുടെ ശേഷി അറിയാനുള്ള പ്രവർത്തനം<br>• പ്രതിവാര പരിശീലന പരിപാടി | ജൂൺ | കായികാധ്യാപിക<br>Project team | |
| 2 | നിശ്ചിതവേളയിൽ നിരന്തരവും ഗുണമേന്മയുള്ളതുമായ പരിശീലനം ഉറപ്പാക്കുക | | • പരിശീലന ടൈംടേബിൾ തയ്യാറാക്കുക.<br>• കായിക പഠനത്തിന് ടൈംടേബിളിൽ നൽകിയ സമയം കൃത്യമായി ഉപയോഗപ്പെടുത്തുക<br>• പുരോഗതി വിലയിരുത്തൽ. | | | |
| 3 | കായികപഠനത്തിന്റെ ലക്ഷ്യം, പ്രാധാന്യം സാധ്യത എന്നിവ തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധ്യപ്പെടുത്തൽ | | • കുട്ടികളെയും രക്ഷിതാക്കളെയും അറിയിക്കൽ.<br>• പഠന ക്ലാസ്സ്, പ്രവർത്തനം<br>• വിലയിരുത്തൽ | | Project team | |

Scanned with OKEN Scanner

# കലാപഠനം

| ലക്ഷ്യം | ടാർഗറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| കുട്ടികളുടെ ജന്മസിദ്ധമായ കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കൽ. | മുഴുവൻ കുട്ടികളും | • അഭിരുചിപരീക്ഷണം.<br>• സ്കൂൾ പ്രവേശന സമയത്തു തന്നെ കുട്ടികളുടെ താൽപര്യമുള്ള മേഖല ചോദിച്ച് രേഖപ്പെടുത്തുക. | ജൂൺ | ക്ലാസ് അധ്യാപകർ, കലാധ്യാപകർ. | |
| | | • മുഴുവൻ കുട്ടികളുടെയും പ്രകടനങ്ങൾ സ്കൂൾതല വാർഷികത്തിന്റെ ഭാഗമായി നടക്കുന്ന കലാ-കായിക പ്രവൃത്തിപരിചയമേളകളിൽ അവതരിപ്പിക്കാനവസരം നൽകുക. | ജനുവരി മുതൽ മാർച്ച് | Teacher in charge, PTA, Subject Council | |
| കലാ-സാംസ്കാരിക പ്രവർത്തനങ്ങളെക്കുറിച്ചുള്ള ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കളിലും കുട്ടികളിലും രൂപപ്പെടുത്തൽ | രക്ഷിതാക്കൾ കുട്ടികൾ | • രക്ഷാകർതൃ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.<br>• സെമിനാർ, സർവ്വേ പ്രകടനങ്ങൾ എന്നിവയിൽ പങ്കെടുക്കാൻ അവസരം ഒരുക്കുക. | ജൂൺ-മാർച്ച് | H.M, PTA, Art teacher | |
| സർഗശേഷി പോഷിപ്പിക്കാനുള്ള അവസരമൊരുക്കൽ | കുട്ടികളും അധ്യാപകരും | • സർഗശേഷി ഉപയോഗപ്പെടുത്തുന്ന തരത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കൽ.<br>• സ്കൂൾ അസംബ്ലി<br>• വാർഷികം | ജൂൺ-മാർച്ച് | PTA, Art teacher, HM, Subject Council | |

# ഉപസംഹാരം

സെന്റ് മേരീസ് ഹൈസ്കൂളിന്റെ അക്കാദമിക മികവ് വരും വർഷങ്ങളിൽ ആസൂത്രിതവും സമയബന്ധിതവുമായി വർധിപ്പിക്കാനുള്ള പ്രവർത്തന പദ്ധതികളാണ് വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് മേൽകൊടുത്തിട്ടുള്ളത്. പ്രസ്തുത പ്രവർത്തനങ്ങൾ PTA, SMC, അധ്യാപകർ, പൊതുസമൂഹം എന്നിവരുടെയെല്ലാം സഹകരണത്തോടെ പൂർത്തിയാക്കാൻ കഴിയുമെന്ന പ്രതീക്ഷയോടെ ഈ മാസ്റ്റർ പ്ലാൻ ഉപസംഹരിക്കുന്നു.